By Special Messenger

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി - പെൻഷനേഴ്സിന് ഫോട്ടോ ഐഡന്റിറ്റികാർഡ് നൽകുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

ധനകാര്യ ( എസ്റ്റാബ്ലിഷ്മെന്റ് – സി ) വകുപ്പ്

സ.ഉ (കൈ) നം: 209/2014/ധന

തീയതി, തിരുവനന്തപുരം, 05.06.2014.

പരാമർശം:- 1. 22.02.2013 ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 7115/എ.ആർ.13 (2)/12/ഉ.ഭ.പ.വ നമ്പർ സർക്കുലർ.
2. 22.02.2013 ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 7115/എ.ആർ.13(2)/12/ഉ.ഭ.പ.വ നമ്പർ അനൗദ്യോഗിക കുറിപ്പ്.

ഉത്തരവ്

പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകളിലേക്ക് എത്തുമ്പോൾ ഐഡന്റിറ്റി തെളിയിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് ജീവനക്കാർ പെൻഷൻ പറ്റുന്ന സന്ദർഭത്തിൽ ഐഡന്റിറ്റി കാർഡ് നൽകുവാൻ സൂചന 1 ലെ സർക്കുലർ പ്രകാരം ഉത്തരവാകുകയുണ്ടായി. സൂചന 2 ലെ അനൗദ്യോഗിക കുറിപ്പ് പ്രകാരം നിലവിൽ പെൻഷൻ പറ്റിയ ജീവനക്കാർക്ക് അതാത് ട്രഷറി വഴി ഐഡന്റിറ്റി കാർഡ് നൽകാൻ തീരുമാനിച്ചതായും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ആവശ്യപ്പെടുകയുണ്ടായി.

നിലവിൽ സർക്കാർ പെൻഷൻ വാങ്ങുന്ന മുഴുവൻ ജീവനക്കാർക്കും ട്രഷറി മുഖേന ഐഡന്റിറ്റി കാർഡ് നൽകുന്നതു സംബന്ധിച്ച് ട്രഷറി ഡയറക്ടറുമായും കാർഡ് തയ്യാറാക്കുന്നതു സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി (ഇലക്ട്രോണിക്സ്) ചീഫ് എഞ്ചിനിയറുമായും ചർച്ച നടത്തുകയും കാർഡ് ഒന്നിന് 8 രൂപ നിരക്കിൽ മാസം 1000 കാർഡു വീതം പ്രിന്റ് ചെയ്തു നൽകാമെന്ന് പി.ഡബ്ല്യൂ.ഡി ചീഫ് എൻജിനീയറും പെൻഷൻ പറ്റിയ മുഴുവൻ ജീവനക്കാരുടെയും വിശദവിവരങ്ങൾ പി.ഡബ്ല്യൂ.ഡി (ഇലക്ട്രോണിക്സ്) വിഭാഗത്തിന് നേരിട്ട് നൽകാമെന്നു ട്രഷറി ഡയറക്ടറും സമ്മതിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ഐഡന്റിറ്റി കാർഡ് ഇതുവരെ ലഭിച്ചിട്ടില്ലാത്ത സർവ്വീസ് പെൻഷൻകാർക്ക് ട്രഷറി മുഖേന ഐഡന്റിറ്റി കാർഡ് ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പെൻഷൻകാർക്ക് ഇപ്രകാരം നൽകേണ്ടിവരുന്ന ഐഡന്റിറ്റി കാർഡ് കാർഡ് ഒന്നിന് 8 രൂപ നിരക്കിൽ തയ്യാറാക്കുന്നതിന് പി.ഡബ്ല്യൂ.ഡി

(ഇലക്ട്രോണിക്സ്) വിഭാഗത്തെ ഏൽപിക്കുന്നതിനും നിലവിൽ പെൻഷനായ എല്ലാ സർക്കാർ ജീവനക്കാർക്കും ഇത് ലഭ്യമാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ പി.ഡബ്ല്യൂ.ഡി (ഇലക്ട്രോണിക്സ്) വിഭാഗത്തിന് നൽകുന്നതുൾപ്പെടെയുള്ള ചുമതല ട്രഷറി ഡയറക്ടറെ ഏൽപിച്ചു കൊണ്ടും ഉത്തരവാകുന്നു. ഇതിനാവശ്യമായ ചെലവ് 2054-00-95-99-34(OC) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
പി.ബി.ഓമന
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര എ.ആർ വകുപ്പ് (22.02.2013 ലെ
7115/എ.ആർ.13(2)/12/ഉ.ഭ.പ.വ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം).
ധനകാര്യ പെൻഷൻ (ബി) വകുപ്പ് (19756/പെൻ.ബി1/13/ധന ...